# അദ്ധ്യായം - 3



സായിബാബയുടെ അനുമതിയും വാഗ്ദാനവും - ഭക്ത ന്മാർക്കു നിയുക്തമായ കർമ്മങ്ങൾ - ബാബയുടെ കഥകൾ ദീപ ശിഖപോലെ - മാതൃനിർവിശേഷമായ സ്നേഹം - റോഹില്ലന്റെ കഥ - മധുരമായ അമൃതവാണികൾ.

## സായിബാബയുടെ അനുമതിയും വാഗ്ദാനവും.

മുൻ അദ്ധ്യായത്തിൽ വിവരിച്ചതുപോലെ സച്ചരിതം എഴു തുന്നതിന് സായിബാബ പൂർണ്ണാനുമതി തന്നുകൊണ്ട് ഇപ്രകാരം പറഞ്ഞു. “സച്ചരിതം എഴുതുന്ന കാര്യത്തിൽ ഞാൻ നീയുമായി പരിപൂർണ്ണമായി യോജിക്കുന്നു. യാതൊന്നും ഭയ പ്പെടാതെ കടമ നിർവ്വഹിക്കുക. മനസ്സ് ഉറപ്പിച്ച് എന്റെ വാക്കുകളിൽ വിശ്വസിക്കുക. എന്റെ ലീലകൾ എഴുതിയാൽ അവിദ്യ തിരോധനം ചെയ്യുന്നു. അവ ഗാഢശ്രദ്ധയോടുകൂടി കേട്ടാൽ ലൗകികങ്ങളിൽ താല്പര്യം നശിക്കുന്നു. ഭക്തിയുടെ ശക്തമായ അലകൾ അവനിലേക്കാഞ്ഞടിക്കുന്നു. എന്റെ ലീല കളിൽ അവഗാഢമായി മുങ്ങിത്തപ്പിയാൽ ജ്ഞാനത്തിന്റെ മുത്തു മണികൾ ലഭ്യമാവും.”

ഇതുകേട്ട് ഗ്രന്ഥകർത്താവ് സന്തുഷ്ടനാവുകയും, ഭയരഹിതനും, ആത്മവിശ്വാസമുള്ളവനുമാവുകയും ഈ ഗ്രന്ഥം ഒരു വിജയമാവുമെന്ന് വിശ്വസിക്കുകയും ചെയ്തു. പിന്നീട് ശാമയോടായി (മാധവറാവു ദേശ്പാണ്ഡെ) സായിബാബ ഇപ്രകാരം പറഞ്ഞു-

"യാതൊരുത്തൻ എന്റെ നാമം പ്രേമത്തോടുകൂടി ഉച്ചരിക്കുന്നുവോ, ഞാൻ അവന്റെ എല്ലാ ആഗ്രഹങ്ങളും സാധിപ്പിച്ച് ഭക്തി വർദ്ധിപ്പിച്ചു കൊടുക്കുന്നതാകുന്നു. എന്റെ ജീവിതത്തെ പറ്റിയും ലീലകളെ പറ്റിയും ആത്മാർത്ഥമായി യാതൊരാൾ പാടുന്നുവോ, അവന്റെ മുന്നിലും പിന്നിലും എല്ലാ ഭാഗങ്ങളിലും ഞാൻ ഉണ്ടാവുന്നതാണ്. എന്നിൽ ആത്മാർപ്പണം ചെയ്ത ഭക്തമാർ ഈ കഥകൾ കേൾക്കുന്ന മാത്രയിൽ സ്വാഭാവികമായും പരമാനന്ദം അനുഭവിക്കും. എന്നിൽ വിശ്വസിക്കുക. യാതൊരുവൻ എന്റെ ലീലകളെപറ്റി പാടുന്നുവോ, അവന് ഞാൻ ശാശ്വതമായ ആനന്ദവും നിത്യമായ സംതൃപ്തിയും പ്രദാനം ചെയ്യും. എന്നിൽ സർവ്വം അർപ്പിച്ച് വിശ്വാസപൂർവ്വം എന്നെ ആരാധിക്കുന്ന, എന്നെ സ്മരിച്ച് ഹിതമായി ധ്യാനിക്കുന്ന, ഭക്തജനങ്ങളെ ഞാൻ ജീവൻമുക്തരാക്കുന്നു. ലൗകികമായ നേട്ടങ്ങളിലും ലാഭങ്ങളിലും ഉള്ള ആഗ്രഹം എന്റെ നാമം ഉച്ചരിക്കുന്ന, എന്നെ ആരാധിക്കുന്ന, എന്റെ കഥകളെയും ജീവിതത്തെയും സ്മരിക്കുന്ന, ഭക്തന്മാരെ ഒരിക്കലും സ്വാധീനിക്കുന്നതല്ല. എന്റെ ഭക്തന്മാരെ മരണ വക്രത്തിൽനിന്ന് ഞാൻ രക്ഷിക്കും. എന്റെ കഥകൾ ശ്രവിക്കുന്ന മാത്രയിൽ എല്ലാ രോഗങ്ങളിൽനിന്നും വിമുക്തി നേടുന്നു. അതുകൊണ്ട് എന്റ ഈ കഥകളെ ഭക്ത്യാദരത്തോടുകൂടി ശ്രവിച്ച് മനസ്സിരുത്തി അതിന്റെ തത്ത്വങ്ങൾ ഉൾക്കൊണ്ടാൽ അതാണ് ആനന്ദത്തിന്റെയും സംതൃപ്തിയുടെയും മാർഗ്ഗം. ഇത് കേൾക്കുന്നവരുടെ അഹങ്കാരവും അഹംഭാവവും നിർമ്മാർജ്ജനം ചെയ്ത് ഞാൻ പരമാത്മാവിങ്കൽ ലയിപ്പിക്കുന്നതാണ്. വെറും "സായി സായി" എന്ന നാമോച്ചാരണം കൊണ്ടുമാത്രം വാചശ്രവണജ

മായ സമസ്ത പാപങ്ങളും നശിക്കുന്നതാണ്.

**ഭക്തന്മാർക്ക് നിയുക്തമായ കർമ്മങ്ങൾ**

ഭഗവാൻ പലതരം ഭക്തന്മാരെ പലതരം പ്രവൃത്തിക്കൾക്കാണ് നിയോഗിക്കുന്നത്. ചിലർക്ക് ക്ഷേത്രങ്ങളും മഠങ്ങളും നിർമ്മിക്കാനുള്ള പ്രവൃത്തി കൊടുക്കുന്നു. ചിലരെ പുണ്യനദികളിൽ സ്നാനഘട്ടങ്ങൾ നിർമ്മിക്കാൻ നിയോഗിക്കുന്നു. ചിലരെ ദൈവത്തിന്റെ അപദാനങ്ങളെ കീർത്തിച്ച് നടക്കാൻ നിശ്ചയിക്കുന്നു. മറ്റു ചിലരെ തീർത്ഥാടനത്തിന്നയക്കുന്നു. എന്നെ നിയോഗിച്ചത് ഈ സത്ചരിതം എഴുതാനാണ്. എല്ലാറ്റിലും ഉപരിയായി അല്പജ്ഞാനിയും പരിപൂർണ്ണജ്ഞാനം ഒന്നുമില്ലാത്തവനുമായ ഈ ഞാൻ ഈ പണിക്ക് തീരെ കഴിവില്ലാത്തവനാണ്. പിന്നെ എന്തിനുവേണ്ടി ഞാനീ പ്രയാസപ്പെട്ട പണി ഏറ്റെടുത്തു? സായിബാബയുടെ യഥാർത്ഥ ജീവിതത്തെപ്പറ്റി ആർക്ക് എഴുതാൻ കഴിയും? സായിബാബയുടെ അനുഗ്രഹം കൊണ്ട് മാത്രമേ ഈ ദുർഘടം പിടിച്ച പ്രവൃത്തി പൂർത്തിയാക്കാൻ കഴിയൂ. ഈ വിശ്വാസത്തോടുകൂടി ഞാൻ പേന കൈയിൽ എടുത്തതോടുകൂടി സായിബാബ എന്റെ അഹംഭാവം നിശ്ശേഷം നശിപ്പിച്ച് തന്നത്താൻ ബാബയുടെ കഥകൾ എഴുതിത്തുടങ്ങി. ഈ കഥകൾ എഴുതിയതിലുള്ള പ്രശസ്തി എനിക്കുള്ളതല്ല ബാബക്കുള്ളതാണ്. ജനനാൽ ഞാൻ ബ്രാഹ്മണനാണെങ്കിലും ശ്രുതി സ്മൃതി എന്നീ രണ്ടു കണ്ണുകൾ എനിക്കില്ലാത്തതുകൊണ്ട് ഈ സച്ചരിതം എഴുതാൻ എനിക്ക് കഴിവില്ല. പക്ഷെ ദൈവാനുഗ്രഹം, 'മൂകം കരോതി വാചാലം പങ്കും ലംഘയതെ ഗിരിം' എന്നാക്കുമല്ലോ (അതായത് ഊമയെ വാചാലനാക്കുന്നു. മുടന്തനെ പർവതം കടത്തി വിടുന്നു.)

ബാബക്ക് മാത്രമെ ബാബയുടെ ഇഷ്ടപ്രകാരമുള്ള കാര്യങ്ങൾ നിർവ്വഹിക്കാനുള്ള സൂത്രം അറിയുകയുള്ളൂ. വീണയ്ക്കോ

ഹാർമോണിയത്തിനോ മധുരസ്വരം എങ്ങിനെ ഉണ്ടാവുന്നു എന്ന് അറിയുന്നില്ല. അത് അവ വായിക്കുന്നവന്റെ കഴിവുകൊണ്ടാണ്. ചന്ദ്രകാന്തശില ദ്രവിക്കുന്നതും വേലിയേറ്റം ഉണ്ടാവുന്നതും ശിലയുടെയോ കടലിന്റെയോ കഴിവുകൊണ്ടല്ല. ചന്ദ്രോദയം കൊണ്ടാണ്.

## ബാബയുടെ കഥകൾ ദീപശിഖപോലെ

കടൽക്കരയിലെ ദീപസ്തംഭങ്ങൾ തോണിക്കാർക്ക് പാറകളും അപകടങ്ങളും ഒഴിവാക്കി സുരക്ഷിതമായ യാത്ര ചെയ്യാൻ സ്ഥാപിച്ചവയാണ്. ലൗകിക ജീവിതമാകുന്ന സമുദ്രത്തിൽ സായിബാബയുടെ കഥകളും അത്തരം ഉദ്ദേശങ്ങളെത്തന്നെയാണ് നിർവ്വഹിക്കുന്നത്. അവ മാധുര്യത്തിൽ അമൃതത്തെ അതിശയിപ്പിച്ച്, ലൗകിക മാർഗ്ഗങ്ങളെ സുഗമവും സന്തുഷ്ടവുമാക്കുന്നു. അവ ഹൃദയത്തിൽ സ്പർശിക്കുമ്പോൾ ദേഹബോധവും അഹങ്കാരവും നശിക്കുന്നതോടുകൂടി ദ്വൈതഭാവവും നശിക്കുന്നു. നമ്മുടെ സംശയങ്ങൾ അകറ്റുന്നു. ഞാനെന്ന ഭാവം നശിച്ച് പരിപൂർണ്ണജ്ഞാനം സിദ്ധിക്കുന്നു. ബാബയുടെ പരിശുദ്ധ ഖ്യാതി വർണ്ണിക്കുന്നതുകൊണ്ടും കേൾക്കുന്നതുകൊണ്ടും ഭക്തന്റെ മനസ്സ് ശുദ്ധമായിത്തീരുന്നു. അതുകൊണ്ട് ഇതു മാത്രമാണ് ഏറ്റവും എളുപ്പമായി മുക്തി ലഭിക്കാനുള്ള സാധന. കൃതയുഗ സാധന ശമദമവും, ത്രേതായുഗത്തിന് യജ്ഞവും, ദ്വാപരയുഗത്തിന് ആരാധനയും, ഇപ്പോഴുള്ള കലിയുഗത്തിന് നാമസ്മരണയുമാണ് എന്നാണ് വിധി. ഈ അവസാനത്തെ സാധന ചാതുർവർണ്ണ്യഭേദമില്ലാതെ അനുഷ്ടിക്കാവുന്നതാണ്. മറ്റു സാധനകളായ യോഗം, യാഗം, ധ്യാനം, ധാരണ എന്നിവ പ്രയാസമുള്ളവയാണെങ്കിലും ഭഗവാന്റെ (സായിബാബയുടെ) അപദാനങ്ങൾ കീർത്തിക്കുന്നതും ശ്രദ്ധിക്കുന്നതും വളരെ എളുപ്പമാണല്ലോ. നാം ശ്രദ്ധ അങ്ങോട്ടു തിരിക്കുകയേ വേണ്ടൂ. അത് സംസാ

രബന്ധങ്ങളിലുള്ള ആശ നശിപ്പിച്ച് ആത്മജ്ഞാനത്തിലേക്ക് നമ്മെ നയിക്കുന്നു. ഈ ഉദ്ദേശത്തോടുകൂടി സായിബാബ ഈ സച്ചരിതാമൃതം എഴുതാനെന്നെ സഹായിച്ചു. ഈ കഥകൾ വായിക്കുന്ന ഭക്തന്മാർ ബാബയെ ധ്യാനിച്ച് ആ രൂപം സ്മരിച്ച് ഗുരുവിലും ദൈവത്തിലും ഭക്തിയാർജ്ജിച്ച് നിസ്സംഗത്വവും ആത്മജ്ഞാനവും കൈവരുത്തട്ടെ. എന്നെ വെറും ഒരു ഉപകരണമായി ഉപയോഗിച്ച് സായിബാബ തന്നെയാണ് ഈ സച്ചരിതാമൃതം എഴുതിയിട്ടുള്ളത്.

## സായിബാബയുടെ മാതൃനിർവിശേഷമായ സ്നേഹം

ഒരു പശു അതിന്റെ കുട്ടിയെ എങ്ങിനെ സ്നേഹിക്കുന്നു എന്ന് എല്ലാവർക്കുമറിയാം. അതിന്റെ അകിട് പാൽ നിറഞ്ഞതാണ്. കുട്ടി, മുട്ടുന്നതോടുകൂടി ധാരാളം പാൽ അകിടിൽ നിന്ന് വന്നുകൊണ്ടിരിക്കുന്നു. അതുപോലെ മനുഷ്യരിലും അമ്മമാർ കുട്ടിയുടെ ആവശ്യങ്ങൾ മുൻകൂട്ടി അറിഞ്ഞ് വേണ്ട സമയം അതിന്ന് മുല കൊടുക്കുന്നു. വസ്ത്രാലങ്കാരങ്ങളിൽ അമ്മ പ്രത്യേകം ശ്രദ്ധിക്കുന്നു. കുട്ടി ഇതൊക്കെ അറിയുകയോ ശ്രദ്ധിക്കുകയോ ചെയ്യുന്നില്ല. എന്നാലും കുട്ടിയെ അണിഞ്ഞൊരുക്കി കാണുന്ന അമ്മയുടെ ആനന്ദം സീമാതീതമാണ്. മാതൃസ്നേഹം അതുല്യവും അദ്വിതീയവും നിർമ്മലവും ഉത്തമവുമാണ്. ഈ മാതൃനിർവിശേഷ സ്നേഹമാണ് സദ്ഗുരുവിന് ശിഷ്യന്മാരോടുള്ളത്. സായിബാബയ്ക്ക് എന്നോടും ഇതേ സ്നേഹം തന്നെയായിരുന്നു. അതിന്നൊരുദാഹരണം പറയാം.

1916-ൽ ഞാൻ ഗവൺമെന്റ് ജോലിയിൽ നിന്ന് പിരിഞ്ഞു. പെൻഷൻ കിട്ടാനുള്ളത് കുടുംബം പുലർത്താൻ തീരെ മതിയായിരുന്നില്ല. അക്കൊല്ലത്തെ ഗുരുപൗർണ്ണമിക്ക് (ആഷാഢം 15ന്) മറ്റു ഭക്തന്മാർക്കൊപ്പം ഞാനും ഷിർദ്ദിക്കുപോയി. അവിടെ അന്നാചിൻ ചാനിക്കർ എനിക്കുവേണ്ടി ബാബയോട് ഇപ്രകാരം

പ്രാർത്ഥിച്ചു. “ഇവനിൽ കനിവുണ്ടാകണെ. അയാൾക്കു കിട്ടുന്ന പെൻഷൻ തീരെ മതിയാവില്ല. അയാളുടെ കുടുംബം വലുതാവുകയാണ്. മറ്റെന്തെങ്കിലും ഒരു ജോലി കൊടുത്ത് അയാളുടെ സങ്കടം തീർത്ത് രക്ഷിക്കണെ”. ബാബ പറഞ്ഞു: “അവന്ന് മറ്റൊരു ജോലി കിട്ടും. ഇപ്പോൾ എന്നെ ശുശ്രൂഷിച്ച് സന്തുഷ്ടനാവട്ടെ. അവന്റെ ഭക്ഷണകാര്യം എന്നും നിറപാത്രമായിരിക്കും. ഒരിക്കലും ഒഴിയില്ല. അവൻ മുഴുവൻ ശ്രദ്ധയും എന്നിൽ അർപ്പിക്കട്ടെ. നിരീശ്വരന്മാരായും ദുർവൃത്തരായും മതവിദ്വേഷികളായും അവൻ ഒരിക്കലും കൂട്ടുകൂടരുത്. എളിയവനായി എല്ലാവരോടും പെരുമാറി എന്നെ ആരാധിക്കട്ടെ. അങ്ങിനെ ചെയ്താൽ അവൻ ആനന്ദവാനായി മാറും.”

## റോഹില്ലന്റെ കഥ

ബാബയുടെ വിശ്വപ്രേമത്തിന്റെ ഉദാഹരണമാണ് റോഹില്ലന്റെ കഥ. ദീർഘകായനും ദൃഢശരീരനും കൂറ്റനെപ്പോലെ ദേഹബലമുള്ളവനുമായ ഒരു റോഹില്ല മുസ്ലീം ഷിർദ്ദിയിൽ വന്നു. അയാൾ ഒരു നീളൻ കുപ്പായമാണ് ധരിച്ചിരുന്നത്. ബാബയിൽ ആകൃഷ്ടനായി അയാൾ അവിടെ താമസിച്ചു. രാപ്പകൽ അയാൾ കർണ്ണകഠോരമായ സ്വരത്തിൽ അത്യുച്ചത്തിൽ കൊറാനിൽനിന്ന് കല്മ ചൊല്ലി ‘അല്ലാഹു അക്ബർ’ എന്ന് അലറും. ഷിർദ്ദിയിൽ അധികം പേരും പകൽ മുഴുവൻ വയലിൽ പണിയെടുക്കുന്നവരാണ്. അതു കഴിഞ്ഞ് രാത്രി മടങ്ങിയെത്തിയാൽ ഈ റോഹില്ലന്റെ അലർച്ചകൊണ്ട് അവർക്ക് ഉറക്കം കിട്ടാതെ അവർ കുഴപ്പത്തിലായി. കുറെ ദിവസം അവരെല്ലാം സഹിച്ചുവെങ്കിലും ഒടുവിൽ സഹിക്കാനാവാതെ ബാബയെ സമീപിച്ച് അവരുടെ വിഷമത്തെപ്പറ്റി പറയുകയും റോഹില്ലനെ ഒന്നു നിയന്ത്രിച്ചു നിർത്താൻ അപേക്ഷിക്കുകയും ചെയ്തു. ബാബ അത് ഗൗനിച്ചില്ലെന്ന് മാത്രമല്ല അവർ അവരുടെ കാര്യം നോക്കിയാൽ

മതിയെന്നും റോഹില്ലന്റെ കാര്യം നോക്കേണ്ടെന്നും പറഞ്ഞു. ബാബ ഇങ്ങനെ കൂട്ടിച്ചേർത്തു. "റോഹില്ലന്ന് വളരെ ചീത്ത സ്വഭാവക്കാരിയായ ഒരു ഭാര്യയുണ്ട്. അവൾ റോഹില്ലനെയും എന്നെയും വന്ന് ബുദ്ധിമുട്ടിക്കാൻ ശ്രമിക്കുകയാണ്. പക്ഷേ റോഹില്ലന്റെ പ്രാർത്ഥന കേൾക്കുമ്പോൾ അവൾക്ക് കടന്നു വരാൻ നിവൃത്തിയില്ലാതെ ഭയപ്പെടുന്നതുകൊണ്ട് ഞങ്ങൾക്ക് സമാധാനവും സന്തുഷ്ടിയും നഷ്ടപ്പെടാതിരിക്കയാണ്." യഥാർത്ഥത്തിൽ റോഹില്ലൻ അവിവാഹിതനാണ്. അവന്റെ ഭാര്യ എന്ന് ബാബ പറഞ്ഞത് ദുർബുദ്ധിയും ദുഷ്ട വിചാരവുമാണ്. ബാബക്ക് ഏതുവിധമായ പ്രാർത്ഥനയും ഇഷ്ടമായതിനാലാണ് റോഹില്ലന്റെ ഭാഗം ചേർന്ന് ഗ്രാമീണരോട് അസൗകര്യം തൽക്കാലം സഹിക്കാനും ക്രമേണ അത് തീരുമെന്നും പറയാനിടയായത്.

**ബാബയുടെ മധുരമായ അമൃതവാണികൾ**

ഒരു ദിവസം മദ്ധ്യാഹ്ന ആരതിക്കുശേഷം ഭക്തന്മാർ താവളങ്ങളിലേക്ക് മടങ്ങാൻ തുടങ്ങുമ്പോൾ ബാബ താഴെ പറയും പ്രകാരം ഉപദേശിച്ചു.

'നിങ്ങളെവിടെയായാലും, എന്തു ചെയ്താലും, അതെല്ലാം ഞാൻ അറിയുന്നു എന്ന് ഓർമ്മിക്കുവിൻ. ഞാൻ അന്തർയാമിയും ഹൃദയനിവാസിയുമാണ്. സമസ്ത ജീവജാലങ്ങളിലും ചരാചരാങ്ങളിലും ഞാൻ ഉൾക്കൊള്ളുന്നു. പ്രപഞ്ച നാടകത്തിലെ സൂത്രധാരനാണ് ഞാൻ. ഞാൻ ലോകമാതാവും, സർവത്തിനും കാരണഭൂതനും, ത്രിഗുണങ്ങളും, ജ്ഞേതവും, സൃഷ്ടിസ്ഥിതി സംഹാരകാരിയുമാണ്. എന്നിലേക്ക് ശ്രദ്ധ തിരിക്കുന്നവനെ യാതൊന്നിനും നശിപ്പിക്കാനാവില്ല. എന്നെ വിസ്മരിക്കുന്നവനെ, മായ അടിച്ചമർത്തി തളർത്തിക്കളയും, സമസ്ത ജീവജാലങ്ങളും,





കൃമികളും, ഉറുമ്പുകളും, ചരാചരാങ്ങളും എന്റെ ശരീരവും ആകൃതിയുമാണ്".

ഇതുകേട്ട് ഞാൻ എന്റെ ഈ ഗുരുവെയല്ലാതെ മറ്റാരെയും സേവിക്കില്ലെന്ന് തീരുമാനിച്ചു. അന്നാചിൻ ചാനിക്കറോട് ബാബ എനിക്കു ജോലി കിട്ടുമെന്ന് പറഞ്ഞതുകേട്ട് എന്റെ മനസ്സിൽ 'അങ്ങനെയുണ്ടാവുമോ' എന്നു സംശയിക്കുകയായിരുന്നു. ബാബയുടെ വാക്കുകൾ ശരിയാണെന്നും എനിക്കു കുറച്ചുകാലത്തേക്കു ഗവൺമെന്റ് ജോലി കിട്ടിയെന്നും ഭാവികൊണ്ട് തെളിഞ്ഞു. അതിൽപിന്നെ ഞാൻ സ്വാതന്ത്രനായി എന്റെ മുഴുവൻ സമയവും എന്റെ ഗുരു സായിബാബയുടെ പരിചരണത്തിന് ഉപയോഗിച്ചു.

ഈ അദ്ധ്യായം അവസാനിപ്പിക്കുന്നതിനുമുമ്പ് ഞാൻ വായനക്കാരോട് അപേക്ഷിക്കുകയാണ് : എല്ലാ തടസ്സങ്ങളും, മടിയും നിദ്രയും മനശ്ചാഞ്ചല്യവും, ഇന്ദ്രിയസുഖേച്ഛയും ഉപേക്ഷിച്ച് സായിബാബയുടെ ഈ കഥകളിൽ മുഴുവൻ ശ്രദ്ധയും ചെലുത്തുവിൻ! സ്വാഭാവികമായ പ്രേമം വളർത്തി ഭക്തിയുടെ രഹസ്യം മനസ്സിലാക്കുവിൻ! മറ്റു സാധനകൾകൊണ്ട് തളരേണ്ടതില്ല. സരളമായ ഈ ഒരൊറ്റ വഴി മതി, അതായത് സായിബാബയുടെ കഥകൾ ശ്രവിക്കൽ. ഇത് അവരുടെ അജ്ഞാനം നശിപ്പിച്ച് മോക്ഷം കൈവരുത്തും. പിശുക്കൻ എവിടെപ്പോയാലും അയാൾ സൂക്ഷിച്ചുവെച്ച ധനത്തിലായിരിക്കുമല്ലോ മുഴുവൻ ശ്രദ്ധയും, അതേപോലെ സായിബാബയെ മനസ്സിൽ കുടിയിരുത്തിയാലും.

അടുത്ത അദ്ധ്യായത്തിൽ സായിബാബ ഷിർദ്ദിയിൽ വന്ന കാര്യങ്ങളെപ്പറ്റി പ്രതിപാദിക്കുന്നതാണ്.

ശ്രീ സായിയെ നമിക്കുവിൻ - ലോകശാന്തി ഭവിക്കട്ടെ!